"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് കോർപറേഷൻ - 'ഓപ്പറേഷൻ ക്ലീൻ കോർപ് ' എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് - സൂപ്രണ്ട് ആയിരുന്ന ശ്രീമതി. സജിത.സി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2695/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.05.2024 തീയതിയിലെ E14-(SC-63/2023/KKD)33103/2023/DVACB നമ്പർ കത്തും അനുബന്ധ രേഖകളും.
2. 05.07.2025 തീയതിയിലെ ഇയു4/125/2025-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീമതി. സജിത.സി സമർപ്പിച്ച 12.08.2025 തീയതിയിലെ പ്രതിവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2025 തീയതിയിലെ LSGD/PD/21952/2025-VIGD5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് കോർപറേഷനിലെ റവന്യൂ മെയിൻ വിഭാഗത്തിൽ 'ഓപ്പറേഷൻ ക്ലീൻ കോർപ് ' എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 19/05/2023 തീയതിയിൽ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച പരാമർശം (1) പ്രകാരം റിപ്പോർട്ടിൽ, 2021-22 വർഷത്തിൽ സായൂജ്യ എന്ന കുട്ടിക്ക് BIMS വഴി പാസ്സായി വന്ന നന്മ സ്കോളർഷിപ്പ് തുകയായ 10000 രൂപ കുട്ടിയുടെ അക്കൗണ്ടിലേക്ക് മാറുന്നതിനായി പാസ്സായി വന്നെങ്കിലും അത് യഥാസമയം വിതരണം ചെയ്യുന്നതിൽ അലംഭാവം കാണിച്ചതിനാൽ പ്രസ്തുത തുക കുട്ടിക്ക് നഷ്ടപ്പെടാൻ ഇടയായതായി കണ്ടെത്തിയിരുന്നു. നന്മ സ്കോളർഷിപ്പ് തുക കുട്ടിയുടെ അക്കൗണ്ടിലേക്ക് മാറുന്നതിനായി പാസ്സായി വന്നെങ്കിലും അത് യഥാസമയം വിതരണം ചെയ്യുന്നതിൽ അലംഭാവം കാണിച്ച ശ്രീമതി. സജിത വി, കൗൺസിൽ വിഭാഗം സൂപ്രണ്ട്, കോഴിക്കോട് കോർപ്പറേഷൻ എന്ന ഉദ്യോഗസ്ഥയ്ക്ക് എതിരെ വകപ്പുതലത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തിരുന്നു.

2. മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, സൂപ്രണ്ട് ആയിരുന്ന ശ്രീമതി. സജിത.സി എന്നവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക, പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് കൊടുത്തിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം

ടിയാൾ സമർപ്പിച്ച പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം അഭിപ്രായക്കുറിപ്പ് ലഭ്യമാക്കിയിരുന്നു.

3. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലും ശ്രീമതി. സജിത.സി സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ പരിശോധിച്ചു. സാമ്പത്തിക വർഷം ലഭിച്ച അലോട്ട്മെന്റുകളെ സംബന്ധിച്ച് വ്യക്തമായ വിശദാംശങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ടത് സൂപ്പർവൈസറി തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥയായ സൂപ്രണ്ടിന്റെ ഉത്തരവാദിത്തമാണെന്നും സാമ്പത്തിക വർഷം ലഭിച്ച അലോട്ട്മെന്റുകൾ സംബന്ധിച്ച് 30/03/2022 ന് തന്നെ കോർപ്പറേഷനിൽ വന്ന കത്തിൽ സെക്ഷൻ ക്ലാർക്ക് നടപടി സ്വീകരിക്കാത്തതിൽ മേൽനോട്ട വീഴ്ച സൂപ്രണ്ടിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടെന്നും കാണുന്നു. ആയതിനാൽ സൂപ്രണ്ട് ആയിരുന്ന ശ്രീമതി. സജിത.സി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4. തദ്ദേശ സ്വയംഭരണ വകുപ്പിലെ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ ടി വിഷയത്തിൽ അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ ,കോഴിക്കോട് ജില്ല, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. സജിത.സി , സൂപ്രണ്ട് , കോഴിക്കോട് കോർപറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/125/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-11-2025 16:54:33
സെക്ഷൻ ഓഫീസർ